Page 1 of 2

LIBRARY ARCHIVES Kerala Legislative Assembly

മാററങ്ങൾ റിപ്പോർട്ടിലും വരുത്തുന്നതാണ് എന്ന് പറയേണ്ടതായിരുന്നു. ഇനി അങ്ങയ്ക്ക് ഒരു റൂളിങ്ങ് നൽകാൻ ഒരു ബുദ്ധിമുട്ടും ഇല്ല. എററത്തിൽ പറഞ്ഞിട്ടുള്ള ഭേദഗതികൾ ബില്ലിൽ മാത്രമല്ലാ ഈ സെലക്ററ് കമ്മിററി റിപ്പോർട്ടിലും ഈ ഭേദഗതി ഇൻകോർപ്പറേററ് ചെയ്യുന്നതാണ് എന്ന് റൂൾ ചെയ്താൽ സാങ്കേതികമായ പ്രശ്നം പരിഹരിക്കപ്പെടുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ചെയർമാൻ)

ശ്രീ. പാലോട് രവി: സർ, പ്രതിപക്ഷത്തുനിന്നുള്ള അംഗങ്ങൾ ഡിസൻറിംഗ് നോട്ട് എഴുതിക്കൊടുത്തത് ഇവിടെ തന്നെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കാർഷിക സബ്സിഡിയുടെ വിതരണം, മണ്ണു പരിശോധന തുടങ്ങി കൃഷിക്ക്, വകുപ്പിന്റെ നിലവിലുള്ള ജില്ലാതലങ്ങൾ വരെയുള്ള പ്രവർത്തനങ്ങളുടെ ചുമതലയും നിയന്ത്രണവും ഏകകണ്ഠമായി തീരുമാനിച്ചിട്ടില്ല. ഈ സഭയുടെ അറിവിലേയ്ക്ക് വേണ്ടി പറയുന്നു, ഈ ജില്ലാതലം വരെയുള്ള പ്രവർത്തനം എന്നു വന്നപ്പോൾ കാര്യങ്ങൾ സമ്മതിച്ചതാണ്. ഈ ജില്ലാതലംവരെ എന്നത് ചർച്ചയ്ക്ക് വന്നപ്പോൾ അത് ഒഴിവാക്കണമെന്ന് പറയുകയും അത് ഒഴിവാക്കിയതുമാണ്. തീരുമാനിക്കാത്ത കാര്യം ഏകകണ്ഠമായി തീരുമാനിച്ചു എന്ന് ഇതിനകത്ത് വന്നിരിക്കുകയാണ്. ഞങ്ങളൊക്കെ സഭയിൽ ഉണ്ടായിരുന്നതാണ്. ഈ കാര്യം തീരുമാനിച്ചില്ലെന്നു മാത്രമല്ലാ ഒരു സെലക്ററ് കമ്മിററി റിപ്പോർട്ടിനെ സംബന്ധിച്ചിടത്തോളം 5 ദിവസംകൊണ്ട് നടന്ന ഓരോ ചർച്ചയുടേയും മിനിററ്സ് ഞങ്ങൾക്കാർക്കും തന്നിട്ടില്ല. അത് ആദ്യം കാണുന്നത് പ്രതിപക്ഷത്തിന് ഡിസൻറ് എഴുതാൻ കൊടുക്കുമ്പോൾ മാത്രമാണ്. ഇതിനകത്ത് ഏകകണ്ഠമായി തീരുമാനിക്കാത്ത ഒരു വിഷയം ഇതിൽ വന്നിട്ടുണ്ട്. അത് ചൂണ്ടിക്കാണിക്കാൻ വേണ്ടി പറഞ്ഞതാണ്.

## VII. റൂളിംഗ്

### ശ്രീ. വി. ജെ. തങ്കപ്പൻ ഉന്നയിച്ച ക്രമപ്രശ്നത്തിനുള്ള റൂളിംഗ്

മി. ചെയർമാൻ: സെലക്ട് കമ്മിററി റിപ്പോർട്ടിന് ഇറാററം ഇഷ്യൂ ചെയ്തതോടുകൂടി റിപ്പോർട്ടിൽ വന്നിട്ടില്ലാത്ത കാര്യങ്ങൾ സംബന്ധിച്ച ഭേദഗതി കമ്മിററി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലിൽ കടന്നുകൂടിയിട്ടുണ്ട് എന്നതാണ് ശ്രീ. വി. ജെ. തങ്കപ്പൻ ഉന്നയിച്ച പ്രശ്നം.

സെലക്ട് കമ്മിററി റിപ്പോർട്ട് ഫൈനലൈസ് ചെയ്തശേഷം പ്രസ്തുത റിപ്പോർട്ടിൽ അംഗങ്ങൾ ഏകകണ്ഠമായി തീരുമാനിച്ച ചില ഭേദഗതികളെപ്പററി പരാമർശിച്ചിട്ടില്ലെന്നും അതനുസരിച്ച് കമ്മിററി ഭേദഗതി ചെയ്ത പ്രകാരമുള്ള ബില്ലിൽ മാററങ്ങൾ വരുത്തിയിട്ടില്ലെന്നും ഏതാനും സെലക്ട് കമ്മിററി അംഗങ്ങൾ ബഹു: സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. അതേത്തുടർന്ന് അദ്ദേഹം ഈ കാര്യം പരിഗണിക്കുകയും, സെലക്ട് കമ്മിററി ഏകകണ്ഠമായി തീരുമാനിച്ച

കാര്യങ്ങൾ റിപ്പോർട്ടിൽ ചേർക്കുന്നതും അതനുസരിച്ചുള്ള ഭേദഗതി ബില്ലിൽ വരുത്താത്തതും തികച്ചും തെററാണെന്നുള്ള നിഗമനത്തിൽ അദ്ദേഹം എത്തിച്ചേരുകയും ചെയ്തു. തുടർന്ന് കമ്മിററിയുടെ ഏകകണ്ഠമായ തീരുമാനപ്രകാരമുള്ള മാററങ്ങൾ കാണിക്കുന്ന ഒരു ഇറാററം ഇഷ്യൂ ചെയ്യുവാൻ അദ്ദേഹം നിർദ്ദേശം നൽകി. ഈ ഇറാററം പുറപ്പെടുവിച്ചത് കമ്മിററി ഭേദഗതി ചെയ്ത പ്രകാരമുള്ള ബില്ലിനായിരുന്നു. ഇറാററം മുഖേന ബില്ലിൽ വരുത്തിയ ഭേദഗതികൾക്ക് അനുസൃതമായ മാററങ്ങൾ റിപ്പോർട്ടിലും വരുത്തിയതായി പരിഗണിക്കണമെന്ന് ആ ഇറാററത്തിൽ പറയുവാൻ വിട്ടുപോയി. ഈ തെററാണ് ശ്രീ. വി. ജെ. തങ്കപ്പൻ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഈ പാകപ്പിഴ ചൂണ്ടിക്കാണിച്ചതിൽ ചെയറിന് നന്ദിയുണ്ട്. ഇറാററത്തിലെ തിരുത്തൽ പ്രകാരം റിപ്പോർട്ടിലും തിരുത്തൽ വരുത്തിയിട്ടുള്ളതായി പരിഗണിക്കണമെന്ന് ചെയർ റൂൾ ചെയ്യുന്നു.

അടുത്തതായി സെലക്ട് കമ്മിററി റിപ്പോർട്ടിൽ വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

## VIII. സെലക്ട് കമ്മിററി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1994-ലെ കേരള പഞ്ചായത്ത് രാജ് ബിൽ (ചർച്ച തുടർച്ച)

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, സെലക്ട് കമ്മിററി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള ബിൽ ആദ്യം ഇവിടെ അവതരിപ്പിച്ച ബില്ലിൽനിന്നും കാതലായിട്ട് മാററമൊന്നുമില്ല. അതിൽ, കാതലായി അടിസ്ഥാനപരമായ യാതൊരു മാററവും വരുത്താൻ സെലക്ട് കമ്മിററിയുടെ ബഹുഭൂരിപക്ഷം മെമ്പർമാരും സമ്മതിച്ചിരുന്നില്ല. ഞങ്ങൾ ഡിസൻറിംഗ് നോട്ടിൽ എഴുതിയതിനെ തള്ളിപ്പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട രവി ചൂണ്ടിക്കാണിച്ചതുകൊണ്ടാണ് ഏകകണ്ഠമായി തീരുമാനിച്ചുവെന്നു പറയുകയും ആ സെലക്ട് കമ്മിററിയിൽ ശക്തിയായ എതിർപ്പു പ്രകടിപ്പിക്കുകയും ചെയ്ത പല മെമ്പർമാരുടേയും നിലപാടിൽ ഖേദമുണ്ട്. അധികാരം വികേന്ദ്രീകരിച്ചുവെന്നൊരു കബളിപ്പിക്കൽ പ്രചരണമല്ലാതെ യഥാർത്ഥത്തിൽ അധികാരം മൂന്നു തലങ്ങളിലേയ്ക്ക് കൊടുക്കാൻ ഭരണ കക്ഷിയിലെ പല മെമ്പർമാരും തയ്യാറായിരുന്നില്ല. ഇപ്പോഴും തയ്യാറില്ല. അത് എന്തുകൊണ്ടാണ്? ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഔദ്യോഗികമായി കുറെ ഭേദഗതികൾ സർക്കുലേററ് ചെയ്തു. അങ്ങനെ സർക്കുലേററ് ചെയ്യുമ്പോൾ ഞാൻ ധരിച്ചത് അടിസ്ഥാനപരമായി ഈ ബില്ലിൽ ഗവൺമെൻറിൻെറ പൂർണ്ണമായ നിയന്ത്രണമുള്ള വകുപ്പുകൾ മാററി ജനാധിപത്യപരമായുള്ള ഒരു സംവിധാനമേർപ്പെടുത്താൻ ഗവൺമെൻറ് തയ്യാറായിട്ടുണ്ട്, അതിൻെറ അടിസ്ഥാനത്തിലായിരിക്കും ഈ ഭേദഗതികൾ ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചിരിക്കുന്നത് എന്നാണ്. ഭേദഗതികളുടെയാകെ ഉള്ളടക്കം 'കമ്മീഷണർ' എന്നും 'ഡെപ്യൂട്ടി കമ്മീഷണർ' എന്നും ചില ഭാഗങ്ങളിൽ പറഞ്ഞിരിക്കുന്നത്, ഗവൺമെൻറും ഗവൺമെൻറ് അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനും എന്ന് മാററുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly